LIBRARY ARCHIVES Kerala Legislative Assembly

ആത്മഹത്യകൾ, സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ, മോഷണങ്ങൾ, വർഗ്ഗീയ സംഘർഷങ്ങൾ തുടങ്ങിയവ സംബന്ധിച്ച കേസുകൾ

76 [77] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതിൽ പട്ടിണിമൂലം എത്ര; കടബാദ്ധ്യത മൂലം എത്ര;

(ബി) ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട് എത്ര മോഷണം നടന്നിട്ടുണ്ട്;

(സി) എത്ര ഗുണ്ടാ അതിക്രമങ്ങൾ നടന്നിട്ടുണ്ട്; അതിൽ എത്ര പേർ മരിച്ചിട്ടുണ്ട്;

(ഡി) എത്ര വാഹനമോഷണങ്ങൾ നടന്നിട്ടുണ്ട്; ഇവയിൽ എത്ര വാഹനങ്ങൾ കണ്ടെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(ഇ) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(എഫ്) എത്ര വർഗ്ഗീയ സംഘർഷങ്ങൾ നടന്നിട്ടുണ്ട്; അവയിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്;

(ജി) പത്രപ്രവർത്തകർക്കു നേരെ എത്ര പോലീസ് അതിക്രമങ്ങൾ നടന്നിട്ടുണ്ട്;

(എച്ച്) വിവിധ സമരങ്ങളുമായി ബന്ധപ്പെട്ട് എത്ര ലാത്തിച്ചാർജ്ജുകൾ നടന്നിട്ടുണ്ട്; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ സംസ്ഥാനത്തെ ഏതെല്ലാം രാഷ്ട്രീയപാർട്ടികളുടെ ഏതെല്ലാം നേതാക്കൾക്കെതിരെ കേസ് എടുത്തിട്ടുണ്ട്;

(ഐ) പോലീസ് അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര പോലീസുകാർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പോലീസുകാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ 25,286 ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ പട്ടിണിമൂലം ആത്മഹത്യ ഉണ്ടായിട്ടില്ല. കടബാദ്ധ്യത മൂലം 1079 പേർ.

(ബി) 850 മോഷണക്കേസുകൾ റിപ്പോർട്ടായിട്ടുണ്ട്.

(സി) സാമൂഹ്യവിരുദ്ധ പ്രവർത്തനവും കൂലിത്തല്ലും നടത്തുന്ന സ്ഥിരം കുറ്റവാളികൾ ഒറ്റയ്ക്കും, കൂട്ടായും നടത്തിയ അക്രമങ്ങൾക്ക് 168 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള ആക്രമണത്തിൽ 11 പേർ കൊല്ലപ്പെടുകയും ചെയ്തിട്ടുണ്ട്.

(ഡി) 4737 വാഹനമോഷണങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ 1691 വാഹനങ്ങൾ കണ്ടെടുത്തിട്ടുണ്ട്.

(ഇ) 18,005 കേസുകൾ.

(എഫ്) ആരും മരണപ്പെട്ടിട്ടില്ല. 120 വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടായിട്ടുണ്ട്.

(ജി) പോലീസ് പത്രപ്രവർത്തകർക്കുനേരെ അതിക്രമം നടത്തിയതായി ആരോപിക്കപ്പെട്ട ഒരു സംഭവം ഉണ്ടായിട്ടുണ്ട്.

(എച്ച്) വിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(ഐ) പോലീസ് അതിക്രമങ്ങൾ ആരോപിക്കപ്പെട്ട 468 പരാതികൾ ലഭിച്ചിട്ടുണ്ട്. 217 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 150 പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

കടബാദ്ധ്യതയിൽപ്പെട്ട് ആത്മഹത്യ ചെയ്ത കുടുംബങ്ങൾ

77 [78] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതേ കാലയളവിൽ എത്ര കുടുംബങ്ങൾ കൂട്ട ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഇതിൽ സാമ്പത്തിക പ്രയാസവും ബാങ്ക് ലോൺ തിരിച്ചടയ്ക്കാൻ കഴിയാത്തതുമൂലം ആത്മഹത്യ ചെയ്തവരെത്ര; ഇതേ കാലയളവിൽ മറ്റ് കടബാദ്ധ്യതയിൽപ്പെട്ട് ആത്മഹത്യ ചെയ്ത കുടുംബങ്ങൾ എത്ര;

(ഡി) കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്ത കുടുംബങ്ങളുടെ കടബാദ്ധ്യത എഴുതിത്തള്ളുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 25,286 പേർ.

(ബി) 79 കുടുംബങ്ങൾ, കൂടാതെ ഒരു കുടുംബത്തിലെ രണ്ടുപേർ.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly